LIBRARY ARCHIVES Kerala Legislative Assembly

ഹോമിയോ ആശുപത്രികളിലെ മരുന്നുവിതരണം

58 [2435] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ, നൻമണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിലെ ഹോമിയോ ഡിസ്പെൻസറിയിൽ എലത്തൂർ പഞ്ചായത്തിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയിൽ 2004-2005 സാമ്പത്തികവർഷത്തിൽ എത്ര രൂപയ്ക്കുവീതമുള്ള മരുന്ന് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സ്ഥാപനങ്ങളിൽ 2004-2005 സാമ്പത്തികവർഷങ്ങളിൽ എത്രപേരെ ഔട്ട്പേഷ്യന്റായി ചികിൽസിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹോമിയോപ്പതി വകുപ്പുമുഖേന താഴെ പറയുംപ്രകാരം മരുന്ന് നൽകിയിട്ടുണ്ട്:

1.	തലക്കളത്തൂർ	..	26,440
2.	നൻമണ്ട	..	26,440
3.	മങ്കയം (പനങ്ങാട്)	..	22,140
4.	കോക്കല്ലൂർ (ബാലുശ്ശേരി)	..	26,470
5.	ഉള്ളിയേരി	..	22,140
6.	അത്തോളി	..	27,470

കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേന എലത്തൂർ ആശുപത്രിയിൽ 2,12,800 രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ, ഹോമിയോപ്പതി വകുപ്പുമുഖേന എലത്തൂർ ആശുപത്രിക്ക് 69,200 രൂപയുടെ മരുന്ന് നൽകിയിട്ടുണ്ട്.

(ബി)

1.	തലക്കളത്തൂർ	..	17,349
2.	നൻമണ്ട	..	21,033
3.	മങ്കയം (പനങ്ങാട്)	..	11,000
4.	കോക്കല്ലൂർ (ബാലുശ്ശേരി)	..	19,521
5.	ഉള്ളിയേരി	..	15,520
6.	അത്തോളി	..	13,540
7.	എലത്തൂർ	..	95,714